(സി) എന്ന് അപ്ഗ്രേഡ് ചെയ്യുമെന്ന് വ്യക്തമാക്കാമോ ;

(ഡി) രോഗികളെ കിടത്തി ചികിത്സിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മഞ്ചേശ്വരം 32 കിടക്കകളുള്ള പി.എച്ച്.സിയാണ്. ഇവിടെ അത്രയും കിടക്കകൾ ഇടുന്നതിനുള്ള സൗകര്യം പോലും വാർഡുകളിലില്ല. ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഈ പോരായ്മകൾ പരിഹരിക്കുകയും ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിനാവശ്യമായ കെട്ടിടവും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുകയും ചെയ്യുന്നതനുസരിച്ച് മാത്രമേ ആശുപത്രിയുടെ ഗ്രേഡ് ഉയർത്തുന്ന കാര്യം പരിഗണിക്കാനാവൂ.

(ബി) സാധാരണയായി 32 കിടക്കകളുള്ള സർക്കാർ ആശുപത്രിയെ സാമൂഹ്യാരോഗ്യകേന്ദ്രമായാണ് ഉയർത്താറുള്ളത്.

(സി) (എ) പിരിവിന്റെ മറുപടി ഇവിടെ ബാധകമാണ്.

(ഡി) ഇവിടെ താഴെ പറയുന്ന തസ്തികകൾ നിലവിലുണ്ട്.

1. മെഡിക്കൽ ഓഫീസർ	-	2
2. ഫാർമസിസ്റ്റ്	-	1
3. ഹെഡ്/സ്റ്റാഫ് നേഴ്സ്	-	4
4. നഴ്സിംഗ് അസിസ്റ്റന്റ്	-	3
5. ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 1	-	1
6. ആശുപത്രി അസിസ്റ്റന്റ് ഗ്രേഡ് 2	-	2
7. ക്ളറിക്കൽ അറ്റന്റർ	-	1

ഒരു ഹൈഡ്രോളിക് ഓപ്പറേഷൻ ടേബിളും ഉണ്ട്. അടിയന്തിര ഘട്ടങ്ങളിൽ രോഗികളുടെ ഉപയോഗത്തിനായി ഒരു വാഹനവും അനുവദിച്ചിട്ടുണ്ട്. കിടത്തി ചികിത്സ നടത്തുന്നതിന് മേൽ പ്രതിപാദിച്ചിട്ടുള്ള സ്റ്റാഫ് പര്യാപ്തമാണ്.

എലിപ്പനിബാധ

151(155) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാരാരിക്കുളം നിയോജകമണ്ഡലത്തിലെ തണ്ണീർമുക്കം പഞ്ചായത്തിൽ എലിപ്പനി മൂലം നിരവധിപേർ ആശുപത്രിയിൽ ചികിത്സയിലായതും മൂന്നുപേർ മരണപ്പെട്ടതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ രോഗനിയന്ത്രണത്തിന് എന്തു നടപടി സ്വീകരിച്ചു ;

(സി) എലിപ്പനി ചികിത്സയ്ക്കു സാമ്പത്തിക ചെലവ് കൂടുതലായാൽ രോഗബാധിതർക്ക് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) രോഗലക്ഷണങ്ങളെക്കുറിച്ച് ആരോഗ്യവകുപ്പും പഞ്ചായത്തും ചേർന്ന് ബോധവൽക്കരണ പരിപാടി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) രോഗാണുവാഹികളായ എലിയുടെയും മറ്റും മൂത്രം കലർന്ന മണ്ണ്, വെള്ളം എന്നിവിടങ്ങളിൽ ജോലി ചെയ്യുകയോ, വെള്ളത്തിൽ ഇറങ്ങുകയോ, കുളിക്കുകയോ ചെയ്യുന്നതുമൂലമാണ് രോഗാണുക്കൾ ശരീരത്തിൽ പ്രവേശിക്കുന്നത്. ആയതിനാൽ എലിമൂത്രം കലരാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ജോലി ചെയ്യുക, കെട്ടികിടക്കുന്ന വെള്ളത്തിൽ ജോലി ചെയ്യുക, കുളിക്കുക, കൈകാലുകൾ കഴുകുക എന്നിവ ചെയ്യുന്നതിനെതിരെ ബോധവൽക്കരണം നടത്തുകയും, എലിനശീകരണത്തിന്റെ ആവശ്യകതയെക്കുറിച്ച് ബന്ധപ്പെട്ടവരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

(സി) ആരംഭത്തിൽ ചികിത്സിച്ചാൽ എലിപ്പനി ചികിത്സക്ക് സാമ്പത്തിക ചെലവ് കൂടുതൽ ഉണ്ടാകുന്ന ഒന്നല്ല. ധനസഹായം നൽകുന്നതിന് തൽക്കാലം നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ഡി) ആരോഗ്യവകുപ്പ്, പഞ്ചായത്ത് അധികൃതർ, മറ്റുമേഖലകളിൽപ്പെട്ടവർ എന്നിവരുടെ ധനസഹായത്തോടുകൂടി ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

ചേർത്തലയിലെ മന്തുരോഗ നിവാരണ കേന്ദ്രം തുറന്ന് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച്

152 (156) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തലയിൽ പ്രവർത്തിച്ചിരുന്ന മന്തുരോഗ നിവാരണ കേന്ദ്രം നിർത്തലാക്കിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനം തുറന്നു പ്രവർത്തിക്കുന്നതിന് വി.സി.ആർ.ബിയുമായി എന്തെങ്കിലും ധാരണ ഉണ്ടാക്കിയിട്ടുണ്ടോ ;

(സി) വി. സി. ആർ. ബിയിലെ സ്റ്റാഫിനെ കൂടി ഏറ്റെടുത്ത് ഒരു വൈറോളജി ലാബ് ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഇതു സംബന്ധിച്ച് 5-4-1999-ൽ തീരുമാനമായെങ്കിലും അതിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വെളിപ്പെടുത്താമോ ;

(ഇ) ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(എഫ്) സംസ്ഥാനത്ത് പകർച്ച വ്യാധികൾ പടർന്നു പിടിക്കുന്നത് ഒഴിവാക്കുന്നതിന് ആവശ്യമായ മുൻകരുതൽ സ്വീകരിക്കാൻ പരിചയ സമ്പന്നരായ വി.സി.ആർ.ബിയിലെ സ്റ്റാഫിനെ നിയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ ; പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം യുദ്ധകാലാടിസ്ഥാനത്തിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly